ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.03.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കർഷകരുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായാണ് കിസാൻ സമ്മാൻ നിധി നടപ്പാക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പിഎം കിസാൻ സമ്മാൻ നിധിയുടെ 22-ാം ഗഡു പ്രധാനമന്ത്രി അസമിൽ വിതരണം ചെയ്തു.

   **Prime Minister Narendra Modi says the PM Kisan Samman Nidhi scheme is aimed at ensuring social security for farmers; PM distributes the 22nd instalment of the scheme in Assam.**

2. പാർലമെൻറിൻറെ ഇരുസഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. ധനവിനിയോഗ ബില്ലിന് ലോക്സഭ അംഗീകാരം നൽകി.

   **Parliament adjourns for the day after completing business; the Lok Sabha passes the Appropriation Bill.**

3. ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ ഇന്ത്യയുടെ സുരക്ഷയ്ക്കും ,സാമ്പത്തിക താൽപ്പര്യങ്ങൾക്കും ഭീഷണിയാകുന്ന എല്ലാ നീക്കങ്ങളും സർക്കാർ സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നതായി വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.

**External Affairs Minister S. Jaishankar says the government is closely monitoring all developments in the Indian Ocean Region impinging on India's security and economic interests.**

4. പെട്രോൾ ഡീസൽ ഉൽപാദനത്തിൽ ഇന്ത്യ സ്വയംപര്യാപ്തമെന്ന് കേന്ദ്രസർക്കാർ. എൽപിജിയുടെ ആഭ്യന്തര ഉൽപാദനം 30 ശതമാനം വർദ്ധിച്ചു.

   **India is self sufficient in the production of petrol and diesel, says the Central Government; domestic LPG production rises by 30 percent.**

5. നിയമസഭ തിരഞ്ഞെടുപ്പിൽ കേരളത്തിൽ 85 ശതമാനത്തിലേറെ പോളിംഗ് ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ.

   **Chief Electoral Officer Rattan U. Kelkar says the target is to ensure over 85 percent polling in Kerala in the Assembly elections.**

6. ഐഎസ്എല്ലിൽ നാളെ കേരള ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാൾ പോരാട്ടം.

   **In the Indian Super League tomorrow, Kerala Blasters FC will take on East Bengal FC**

## PM GUWAHATI(INTRO)

രാജ്യത്തെ ചെറുകിട കർഷകർക്ക് സാമൂഹിക സുരക്ഷയുടെ പ്രധാന ഉറവിടമായി പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി യോജന മാറിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

അസമിൽ പിഎം കിസാൻ സമ്മാൻ നിധിയുടെ 22-ാാം ഗഡു വിതരണം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. 9 കോടി 32 ലക്ഷത്തിലധികം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 18,640 കോടി രൂപയാണ് ഇതിലൂടെ കൈമാറിയത്. സുസ്ഥിര കൃഷി രീതി പ്രോത്സാഹിപ്പിക്കുക എന്നതാണ് സർക്കാരിൻറെ ലക്ഷ്യമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

കോക്രജാറിൽ നിരവധി വികസന പദ്ധതികൾക്കും പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിച്ചു. ബോഡോ മേഖല വളർച്ചയുടെയും സ്ഥിരതയുടെയും ഒരു പുതിയ യുഗത്തിലേക്ക് പ്രവേശിച്ചതായി പരിപാടിയിൽ ഓൺലലൈനായി പങ്കെടുത്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. മൂന്ന് പുതിയ ട്രെയിനുകളുടെ ഫ്ലാഗ് ഓഫും അദ്ദേഹം നിർവഹിച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിനായാണ് പ്രധാനമന്ത്രി അസമിലെത്തിയത്. സിൽചാറിൽ 24,205 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നാളെ തുടക്കം കുറിക്കും. തുടർന്ന് പശ്ചിമ ബംഗാളിലെത്തുന്ന അദ്ദേഹം കൊൽക്കത്തയിൽ 18,680 കോടിയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും, ശിലാസ്ഥാപനവും നിർവഹിക്കും.

## LS – SITHARAMAN

പാർലമെൻറിൻറെ ഇരുസഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. വിവിധ വിഷയങ്ങളെച്ചൊല്ലിയുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറ് ഇന്നും പ്രക്ഷുബ്ധമായിരുന്നു. ഉപധനാഭ്യർത്ഥനകൾക്കും, ധനവിനിയോഗ ബില്ലിനും ലോക്സഭ ഇന്ന് അംഗീകാരം നൽകി. ധനാഭ്യർത്ഥന സംബന്ധിച്ച ചർച്ചയ്ക്ക് ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ മറുപടി നൽകി. രണ്ട് ലക്ഷത്തി 81,000 രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് പാർലമെൻറിൻറെ പരിഗണനയിൽ വന്നത്. വളപ്രയോഗം, ഭക്ഷ്യ വിളകളിലെ ഇളവുകൾ, പ്രതിരോധ സേവനങ്ങൾ ഉൾപ്പെടെയുള്ള ചെലവുകൾ കേന്ദ്രീകരിച്ചായിരുന്നു സർക്കാരിൻറെ ധനാഭ്യർഥന.

## LS – TRANSGENDER BILL

ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണ) ഭേദഗതി ബിൽ, 2026 കേന്ദ്രമന്ത്രി വീരേന്ദ്രകുമാർ ലോക്സഭയിൽ അവതരിപ്പിച്ചു. 2019 ലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണ) നിയമം ഭേദഗതി ചെയ്യുന്നതിനാണ് ബിൽ ലക്ഷ്യമിടുന്നത്.

## JAISHANKAR–INDIAN OCEAN

ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ ഇന്ത്യയുടെ സുരക്ഷ,സാമ്പത്തിക താൽപ്പര്യങ്ങൾ എന്നിവയ്ക്ക് ഭീഷണിയായ, എല്ലാ നീക്കങ്ങളും സർക്കാർ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ ഇന്ത്യയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ശ്രീ ജയശങ്കർ ലോക്സഭയിൽ രേഖാമൂലം അറിയിച്ചു.

***

## RS–GIRIRAJ TEXTILES

വോക്കൽ ഫോർ ലോക്കൽ, ആത്മനിർഭർ ഭാരത് എന്നിവയിലൂടെ രാജ്യത്തിൻറെ കൈത്തറി മേഖലയെ ശാക്തീകരിക്കാനായതായി കേന്ദ്ര മന്ത്രി ഗിരിരാജ് സിംഗ്. നെയ്ത്തുകാരുടെ കഠിനാധ്വാനവും സംഭാവനകളും രാജ്യം എന്നും വിലമതിക്കുന്നുവെന്നതിൻറെ തെളിവാണ് കൈത്തറിമേഖലയിലെ പുരോഗതിയെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് ലോകത്തിലെ കൈത്തറി ഉൽപ്പന്നങ്ങളുടെ ഏകദേശം 95 ശതമാനവും ഇന്ത്യയിലാണ് ഉത്പാദിപ്പിക്കുന്നതെന്നും തൊഴിലാളികളിൽ 70 ശതമാനവും സ്ത്രീകളാണെന്നും ശ്രീ സിംഗ് രാജ്യസഭയിൽ വ്യക്തമാക്കി.

***

## RS PRASAR BHARATI

പ്രസാർ ഭാരതിയുടെ ഉള്ളടക്കത്തിന്മേലുള്ള പകർപ്പവകാശം പ്രസാർ ഭാരതിക്ക് മാത്രമാണെന്ന് കേന്ദ്ര സർക്കാർ. മാധ്യമ സ്ഥാപനങ്ങൾ പകർപ്പവകാശം ലംഘിച്ച കേസുകളൊന്നും അടുത്ത കാലത്ത് റിപ്പോർട്ട് ചെയ്യിട്ടില്ലെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ രാജ്യസഭയിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## RS – PRIVATE BILLS

രാജ്യസഭയിൽ ഇന്ന് വിവിധ വിഷയങ്ങളിൽ സ്വകാര്യ ബില്ലുകൾ അവതരിപ്പിച്ചു. കോലാപുരി ലെതർ ക്രാഫ്റ്റ് (സംരക്ഷണവും ഉപജീവനവും) ബിൽ 2026, കാലാവസ്ഥാ പ്രതിരോധശേഷിയുള്ള കൃഷിയും കർഷക സംരക്ഷണവും ബിൽ, ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളുടെ സംരക്ഷണം ലക്ഷ്യമിട്ടുള്ള ബിൽ എന്നിവ സഭയിൽ അവതരിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## DAY WEST ASIA

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. എണ്ണവിലയിലെ വർദ്ധന ആഗോള വിപണിയെ സാരമായി ബാധിച്ചിട്ടുണ്ട്. പശ്ചിമേഷ്യൻ സംഘർഷം ആഗോള സമ്പദ്‌വ്യവസ്ഥയെ തകർക്കാൻ ശേഷിയുള്ള ദീർഘകാല യുദ്ധമായി മാറിയേക്കാമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകി.

ഹോർമുസ് കടലിടുക്കിന്റെ നിയന്ത്രണം ഇപ്പോഴും തങ്ങളുടെ പക്കലാണെന്നും അമേരിക്കയുമായും ഇസ്രായേലുമായും ബന്ധമുള്ള സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളെ ലക്ഷ്യം വെക്കുമെന്നും ഇറാൻ

വ്യക്തമാക്കി. അതേസമയം വ്യോമാതിർത്തി ലംഘിച്ചെത്തിയ നിരവധി ഡ്രോണുകളെ വെടിവെച്ചിട്ടതായി സൗദി അറേബ്യ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**GOVT BRIEFING – WEST ASIA (INTRO)**

പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ തടസരഹിത ഊർജ വിതരണത്തിൻറെ ആവശ്യകത ആവർത്തിച്ച് ഇന്ത്യ. ഇറാൻ പ്രസിഡൻറ് മസൂദ് പെസഷ്കിയാനുമായി പ്രധാനമന്ത്രി നരേന്ദ്രമോദി സംസാരിച്ചതായും ഇറാൻ ഉൾപ്പെടെയുള്ള മേഖലയിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും മുൻഗണന നൽകുന്നതായി അറിയിച്ചതായും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ സംയുക്തവാർത്താസമ്മേളനത്തിൽ പറഞ്ഞു.

വിശദാംശങ്ങളിലേക്ക്.....

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**GOVT BRIEFING – WEST ASIA(VOICE)**

¬പ്രശ്നങ്ങൾ സംഭാഷണത്തിലൂടെയും നയതന്ത്രമാർഗ്ഗങ്ങളിലൂടെയും പരിഹരിക്കണമെന്ന ഇന്ത്യയുടെ നിലപാട് വിദേശകാര്യ മന്ത്രാലയ വക്താവ് ആവർത്തിച്ചു. ഇന്ത്യക്കാരുടെ സഹായത്തിനായി ആരംഭിച്ച വിദേശകാര്യ മന്ത്രാലയത്തിൻറെ കൺട്രോൾ റൂമിൽ ഇതുവരെ 900 ഫോൺ കോളുകളും 200 ഇമെയിലുകളും ലഭിച്ചതായും ശ്രീ രൺധീർ ജെയ്സ്വാൾ അറിയിച്ചു. കഴിഞ്ഞ കുറച്ച് ദിവസങ്ങൾക്കുള്ളിൽ 170 ഇന്ത്യക്കാർ ഇറാനിൽ നിന്ന് അർമേനിയയിലേക്ക് കരമാർഗ്ഗം അതിർത്തി കടന്നതായും അദ്ദേഹം പറഞ്ഞു. ഹോർമുസ് കടലിടുക്കിന് പടിഞ്ഞാറായി ഇന്ത്യൻ പതാക വഹിച്ച 24 കപ്പലുകളും, കിഴക്കായി മൂന്ന് കപ്പലുകളുമുണ്ടെന്ന് പോർട്ട്, ഷിപ്പിങ്ങ് സ്പെഷ്യൽ സെക്രട്ടറി രാജേഷ് സിൻഹ പറഞ്ഞു.

ന്യൂസ് ഡസ്ക് ആകാശവാണി....

## SUJATA SHARMA (INTRO)

പെട്രോൾ ഡീസൽ ഉൽപാദനത്തിൽ ഇന്ത്യ സ്വയംപര്യാപ്തമെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ. രാജ്യത്തെ എല്ലാ റിഫൈനറികളും പൂർണ ശേഷിയിൽ പ്രവർത്തിക്കുന്നതായും അവർ പറഞ്ഞു. വാഹനങ്ങൾക്കുള്ള ആഭ്യന്തര പിഎൻജി, സിഎൻജി എന്നിവ

തടസമില്ലാതെ ലഭ്യമാക്കുമെന്നും അവര്‍ വ്യക്തമാക്കി **(ഹോള്‍ഡ് വോയ്സ്.........)**

ഗാര്‍ഹിക ഉപഭോക്താക്കള്‍ക്ക് എല്‍പിജി തടസ്സം കൂടാതെ വിതരണം ചെയ്യാന്‍ നടപടികള്‍ സ്വീകരിച്ചു. ആശുപത്രികള്‍, വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ എന്നിവയ്ക്ക് എല്‍പിജി ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും ശ്രീമതി ശര്‍മ്മ പറഞ്ഞു. പാചകവാതക വിതരണം സംബന്ധിച്ച തെറ്റായ പ്രചാരണങ്ങളില്‍ വിശ്വസിക്കരുതെന്നും പരിഭ്രാന്തരാകരു തെന്നും അവര്‍
ജനങ്ങളോട് അഭ്യര്‍ത്ഥിച്ചു. എല്‍പിജിയുടെ ആഭ്യന്തര ഉല്‍ പാദനം 30 ശതമാനം വര്‍ദ്ധിച്ചതായും അവര്‍

പറഞ്ഞു.

**CEO**

നിയമസഭ തിരഞ്ഞെടുപ്പില്‍ സംസ്ഥാനത്ത് 85 ശതമാനത്തിലേറെ പോളിംഗ് ഉറപ്പാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസര്‍ രത്തന്‍ യു ഖേല്‍ക്കര്‍. ലോകത്തെ തന്നെ ഏറ്റവും മാതൃകാപരമായ തിരഞ്ഞെടുപ്പ് കേരളത്തില്‍ നടപ്പാക്കാനാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്‍ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. നിയമസഭാ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങള്‍ വിലയിരുത്താന്‍ തിരുവനന്തപുരത്ത് വിളിച്ചു ചേര്‍ത്ത ജില്ലാ

കളക്ടർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു ശ്രീ ഖേൽക്കർ.

❁❁❁❁❁❁❁❁❁❁❁❁❁

**KERALA SIR**

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെ പേര് ചേർക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

**ISL**

ഐഎസ്എല്ലിൽ നാളെ കേരള ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാൾ പോരാട്ടം. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ വൈകുന്നേരം 5 മണിക്കാണ് മത്സരം. നിലവിൽ പോയിന്റ് പട്ടികയിൽ കേരളം 13ാമതും ഈസ്റ്റ് ബംഗാൾ അഞ്ചാമതുമാണ്. നാളെ വൈകിട്ട് 7.30ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ബംഗളൂരു മോഹൻബഗാനെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA

മീനമാസ പൂജയ്ക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് അഞ്ചിനു തുറക്കും. നാളെ പൂജകൾ ഒന്നും തന്നെ ഉണ്ടാവില്ല. മീനം ഒന്നായ മറ്റന്നാൾ രാവിലെ അഞ്ചിനാണ് നട തുറക്കുക. ഈ മാസം 19 വരെ നീളുന്ന മാസ പൂജകൾക്കു ശേഷം അടയ്ക്കുന്ന നട പൈങ്കുനി ഉത്രം ഉത്സവത്തിനായി 22ന് വൈകിട്ട് വീണ്ടും തുറക്കും.